## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി നിയമനിർമ്മാണം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3388** **12.12.14 - ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>**ശ്രീ.അൻവർ സാദത്ത്**<br>**,, വർക്കല കഹാർ**<br>**,, സി.പി.മുഹമ്മദ്**<br>**,, കെ.ശിവദാസൻ നായർ** | | ഉത്തരം<br>**ബഹു.ശ്രീ.മഞ്ഞളാംകുഴി അലി,**<br>**(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ)<br>&<br>(ബി) | സമീപകാലത്ത് ഫ്ലാറ്റ് നിർമ്മാണ രംഗത്ത് ഉടലെടുത്ത് വിവാദങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ അപാകതകൾ പരിഗരിക്കുന്നതിനും ഈ രംഗത്തെ തട്ടിപ്പും വെട്ടിപ്പും നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളുടെ താത്പര്യം സംരക്ഷിക്കുന്നതിനും ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനും ധനവിനിയോഗം നിയന്ത്രിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റിയ്ക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുണ്ട്. ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയുള്ളതും കക്ഷികളും കെട്ടിട നിർമ്മാതാക്കളും തമ്മിൽ തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പര്യാപ്തവുമാണ് മേൽ ഉദ്ധരിച്ച അതോറിറ്റി. കേരള റിയൽ എസ്റ്റേറ്റ് അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു കരട് ബിൽ (കേരള റിയൽ എസ്റ്റേറ്റ് റഗുലേഷൻ & ഡവലപ് മെൻറ്) നിലവിൽ വന്നെങ്കിലും ആയത് നിയമമായിട്ടില്ല. |
| (ബി) | ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

Rajeev

സെക്ഷൻ ഓഫീസർ